## പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 55 — 11.06.2013ൽ മറുപടിക്ക്.

### ഖരമാലിന്യ സംസ്കരണ വ്യവസായം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീമതി.കെ.കെ.ലതിക<br>ശ്രീ.സി. കൃഷ്ണൻ<br>ശ്രീ. കെ. രാധാകൃഷ്ണൻ<br>ശ്രീ. കെ.കുഞ്ഞമ്മദ് മാസ്റ്റർ | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി) |
| എ) ഖരമാലിന്യ സംസ്കരണം വ്യവസായമായി പ്രഖ്യാപിക്കാൻ സർക്കാർ ആലോചിക്കുന്നുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ? | (എ) ഇതു സംബന്ധിച്ച് തീരുമാനം ഒന്നും എടുത്തിട്ടില്ല. |
| ബി) ഖരമാലിന്യത്തിൽ നിന്നും പാചകവാതകം, വൈദ്യുതി തുടങ്ങിയവ ഉല്പാദിപ്പിക്കാനുള്ള പദ്ധതി നടപ്പാക്കാൻ ഇതുവരെയായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; | (ബി) ഖരമാലിന്യത്തിൽ നിന്നും പാചകവാതകം, ഉണ്ടാക്കാനുള്ള സബ്സിഡിയും, പ്രോത്സാഹവും വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കി വരുന്നു. മാലിന്യത്തിൽ നിന്നും വൈദ്യുതി ഉണ്ടാക്കാൻ പ്ലാന്റുകൾ, പബ്ലിക് പ്രൈവറ്റ് പാർട്ട്ണർഷിപ്പ് അനുസരിച്ച് തിരുവനന്തപുരം, കൊല്ലം, കൊച്ചി, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ എന്നിവിടങ്ങളിൽ സ്ഥാപിക്കാനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. അവ വിവിധ ഘട്ടങ്ങളിലാണ്. അതിൽ തിരുവനന്തപുരത്തെ ചാലയിൽ സ്ഥാപിക്കുന്ന പ്ലാന്റിനുള്ള കൺസഷൻ എഗ്രിമെന്റ് ഒപ്പ് വച്ചെങ്കിലും അവിടേയ്ക്ക് പ്രതിദിനം 35 ടൺ മാലിന്യം നൽകണമെന്ന നഗരസഭ ഒപ്പ് വയ്ക്കേണ്ട കരാർ ഒപ്പ് വച്ചിട്ടില്ല. അതിനോടൊപ്പം TRIDA ഉടമസ്ഥതയിലുള്ള 2 ഏക്കർ സ്ഥലം പദ്ധതി നടപ്പിലാക്കാൻ മുന്നോട്ട് വന്ന ലോറോ ഗ്രീൻ പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയ്ക്ക് നൽകാൻ കഴിഞ്ഞിട്ടില്ല. |
| സി) ഖരമാലിന്യ സംസ്കരണത്തെ വ്യവസായമായി പ്രഖ്യാപിച്ചാൽ എന്തെല്ലാം പ്രയോജനമുണ്ടാകുമെന്നാണ് വിലയിരുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ; | (സി) ബാധകമല്ല. |
| ഡി) വ്യവസായ പാർക്കുകളോട് അനുബന്ധിച്ച് ഇത്തരം പ്ലാന്റുകൾ | (ഡി) കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന്റെ കീഴിലുള്ള വ്യവസായ വളർച്ചാകേന്ദ്രങ്ങളിൽ ഖരമാലിന്യം |

| | |
|---|---|
| സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | ഉപയോഗിച്ച് വൈദ്യുതി ഉത്പാദിപ്പിക്കുന്നതിനുള്ള സാധ്യതകളെ സംബന്ധിച്ച് പഠനം നടത്തുന്നതിന് കൺസൾട്ടൻസി കമ്പനിയെ നിയോഗിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ